File No.SJD/3430/2020-E6

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 29/03/2021
Email-swdkerala@gmail.com
Phone-0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് -- ഡയറക്ടറേറ്റ് - ജീവനക്കാര്യം - പെൻഷൻ അപേക്ഷകൾ പ്രിസം സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:- സ.ഉ.(സാധാ)നം.6118/2020/ധന. തിരുവനന്തപുരം തീയതി 27/10/2020

വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പ്രിസം സോഫ്റ്റ് വെയർ മുഖേന സ്വീകരിക്കുന്നതിലേയ്ക്കായി വകുപ്പിലെ ഉദ്യോഗസ്ഥരെ RA, PSA ആയി ചുമതലപ്പെടുത്തി മേൽ സൂചന പ്രകാരം ഉത്തരവായിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിൽ നിന്നും 18 മാസങ്ങൾക്കുള്ളിൽ വിരമിക്കുന്ന എല്ലാ ജീവനക്കാരും Retiring employee ആയും, സ്വീകർത്തിത അധികാരി (RA), പെൻഷൻ അനുവദിക്കുന്ന അധികാരി (PSA) എന്നിങ്ങനെ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ യഥാക്രമം Head of Office, PSA ആയും പ്രിസം സോഫ്റ്റ് വെയറിൽ രജിസ്ട്രേഷൻ നടത്തേണ്ടതും യൂസർ ID യും പാസ്സ് വേഡും ഉപയോഗിച്ച് പെൻഷൻ അപേക്ഷ ഓൺലൈനായി ബന്ധപ്പെട്ട കാര്യാലയമേധാവിക്ക് സമർപ്പിക്കേണ്ടതുമാണ്.
2. പെൻഷൻ അപേക്ഷകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നതിലേയ്ക്കായി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസിലും ഒരു ഉദ്യോഗസ്ഥനെ Department user ആയി ചുമതലപ്പെടുത്തേണ്ടതും Department user രജിസ്ട്രേഷൻ നടത്തി അപേക്ഷയുടെ Hardcopy സേവനപ്പുസ്തകവുമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.
3. വിരമിക്കുന്ന ജീവനക്കാരുടെ ഓൺലൈൻ അപേക്ഷയുടെ Hard copy, Identification Certificate ന്റെ 2 copy (Pension Application page 33) സേവന പുസ്തകം എന്നിവ ബന്ധപ്പെട്ട കാര്യാലയമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
4. ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസിൽ Department user ആയി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരും ഫോൺനമ്പരും ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
5. കൂടാതെ 18 മാസങ്ങൾക്കുള്ളിൽ വിരമിക്കുന്ന ജീവനക്കാരുടെ പേര്, ജനനതീയതി, പെൻനമ്പർ, തസ്തിക, വിരമിക്കുന്ന തീയതി എന്നിവയുടെ ത്രൈമാസ റിപ്പോർട്ട് ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ കൺസോളിഡേറ്റ് ചെയ്ത് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.
6. User ID, Password എന്നിവ ലഭ്യമാക്കുന്നതിന് Retiring Employee, Dept. User, (RA), PSA എന്നിവർ വകുപ്പിലെ നോഡൽ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

പേര് - Prakash Kumar R K, Junior Superintendent

ഫോൺ നമ്പർ - 9947391634, 8156922508

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും,പ്രോബേഷൻ ഓഫീസർക്കും; സ്ഥാപന

സുപ്രണ്ട്മാർക്കും,  എല്ലാ ബന്ധപെട്ട ജീവനക്കാർക്കും.

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് വേണ്ടി